# തേൻ തുള്ളികൾ





ജി എച്ച് എസ് എസ്  ചെങ്ങമനാട്



# <u>അവിൽപ്പൊതി</u>



വീട്ടിൽ വിശേഷപ്പെട്ടതെന്തുണ്ടാക്കിയാലും കൊണ്ടുവന്ന് ക്ലാസിലെ കുട്ടികൾക്കു പകുത്തുനൽകുന്നത് ഗിരിജടീച്ചറുടെ പതിവാണ്. സ്കൂളവധി കഴിഞ്ഞു വരുന്ന ദിവസം ടീച്ചറുടെ പക്കൽ ഒരു പൊതിയുണ്ടാകും. അത് കുട്ടികൾക്കുള്ള തീറ്റസാധനമാണ്.

സ്റ്റാഫ്റൂമിൽ മറ്റധ്യാപകർ ടീച്ചറുടെ ഈ പൊതിയെപ്പറ്റി അടക്കം പറയാറുണ്ട്. ടീച്ചർ അതൊന്നും ഗൗനിക്കാറില്ല. പതിവുപോലെ ടീച്ചർ ഈ തിങ്കളാഴ്ച്ചയും ക്ലാസിലേക്ക് തീറ്റപ്പൊതിയുമായി ചെന്നപ്പോളുണ്ടായ സംഭവം ടീച്ചർ പറഞ്ഞതിങ്ങനെ:

ഞാൻ കുറച്ച് അവലു വെളയിച്ചതുമായാണ് ഇന്ന് ക്ലാസിലേക്ക് പോയത്. ഓരോരുത്തർക്കായി ഇത്തിരിയിത്തിരി അവലു കൊടുത്തുവരികയായിരുന്നു. ഒടുവിലെ ബെഞ്ചിലിരിക്കുന്ന ്വിൽ നൽകി തിരിയുമ്പോൾ അവൾ എന്റെ കയ്യിൽ തൊട്ടു. എന്നിട്ടു ചോദിച്ചു.

“ യ്ക്ക് ഇത്തിരികൂടി തര്വോ, ടീച്ചറെ”

കൈയ്യിലെ പൊതിയിൽ ബാക്കിയുള്ള

അവിലു മുഴുവൻ അവൾക്കു കൊടുത്തിട്ട്
ഞാൻ ചോദിച്ചു

“എന്താ രേഖേ, രാവിലെ ഒന്നും കഴിച്ചില്ലേ?”

“ഇല്ല ടീച്ചറെ.”

“അതെന്താ?”

“ഞാനെഴുന്നേറ്റപ്പോഴേക്കും അമ്മ പണിക്കു പോയിരുന്നു. ഞാൻ നോക്കുമ്പോ അടുക്കളയിൽ കഴിക്കാനൊന്നും കണ്ടില്ല. യ്ക്ക് വെശന്ന്ട്ട് വയ്യ, ടീച്ചറെ..”

ടീച്ചറുടെപൊതിയെപ്പറ്റിയുള്ള അടക്കംപറച്ചിൽ പിന്നീട് ആരും കേട്ടിട്ടില്ല.






# എന്റെ കേരളം

വെള്ളിക്കരയിട്ട മരതകപട്ടു ചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി മനശാന്തി തരും
മമജന്മ നാടേ മനോഹരി ......
കളകളമമൊഴുകിസ്സിഗ്ദമടിത്തട്ടു
കാണുമാറഴകാർന്നരുവികളുമതിരിൽ
മേഘമേലാപ്പുതൊട്ടുമുത്തുംഗ മേരുക്കളും



പച്ചപട്ടുപാവാടയിൽ മിന്നും

വെള്ളിനൂലിഴപോലസംഖ്യം


ശീതളമാമലഞൊറിയിളകും
കോമളനദികളുമീറൽ തടങ്ങളും
മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർതെന്നലായാഞ്ഞുവീശും
ഉഷ്ണകാലത്തും നീലജലാശയങ്ങൾ
ഇളംകാറ്റിൽ പാറുമംഗന
തൻചേലപോലലംകൃതം ചേലൊത്ത
നീലവർണ്ണമനോഹര തിര
ഞൊറിയും സാഗരം നീളെ
മണ്ണിൻ മാദക ഗന്ധം നുകരും
മക്കൾക്കാശ്രയമരുളും
മമനാടെ മനോഹരി....മനസ്സിൽ നിൻ മുക്ത
സൗന്ദര്യം....മുകരുന്ന ഞാൻ.........

<u>ട്രെൻഡി കൃഷി</u>

കാർഷികസർവകലാശാലാങ്കണത്തിലെ കൃഷിവിജ്ഞാൻ കേന്ദ്രയോടടുത്തുള്ള ഹൈടെക്ക് റിസർച്ച് ട്രയിനിംങ്ങ് യൂണിറ്റിലേക്കെത്തു. ..... പളുങ്കുപാത്രത്തിലെ ഉദ്യാനം മുതൽ പാഴ് ടയറിൽ നിന്ന് പൂച്ചട്ടികളുണ്ടാക്കുന്നതുവരെ . അവിടെ നിന്ന് പഠിക്കാം .







<u>പളുങ്കുപാത്രത്തിലെ വലിയ ഉദ്യാനം</u>

ആൾ ഇത്തിരി കുഞ്ഞനാണെന്നു കരുതേണ്ട. ജീവനുണ്ട് ഈ ഉദ്യാനത്തിന് . ഇതിനുള്ളിലെ എല്ലാ ചെടികളും പൂക്കളും ഒറിജിനൽ തന്നെ .അവയ്ക്കു മണ്ണും വെള്ളവും സൂര്യപ്രകാശവും എല്ലാം വേണം . ചില്ലുക്കൂട്ടിനുള്ളിലാണ് ഈ വലിയ ഉദ്യാനം . കൂടെ കൊണ്ടുപോകാം വീട്ടിലെ ഷോക്കേസിൽ വയ്ക്കാം . എപ്പോൾ വേണമെങ്കിലും മണ്ണും ചെടിയും മാറ്റി ഭംഗി കൂട്ടാം . നിറമുള്ള മണ്ണിടാം . ചില്ലുഭരണികളിലൊരു

ക്കുന്ന അലങ്കാരോദ്യാനമായ ടെറേറിയത്തെ പറ്റിയാണ് പറഞ്ഞു വരുന്നത് . പഠിച്ചാൽ വീട്ടിലിരുന്ന് ആയിരങ്ങൾ സമ്പാദിക്കാം . സമയം പോക്കിനും വീട് അലങ്കരിക്കാനും ഉപയോഗിക്കാം .കാര്യമായ ചെലവോ പരിരക്ഷയോ ആവശ്യമല്ലചെടി നട്ടു വളർത്താൻ സ്ഥലമില്ലാത്തവർക്കും വീടിനുള്ളിൽ ഉദ്യാനമൊരുക്കാൻ താത്പര്യമുള്ളവർക്കും ടെറേറിയം രീതി അവലംബിക്കാം . വലിയ മൾട്ടിനാഷണൽ കമ്പനികളും സ്റ്റാർ ഹോട്ടലുകളും മീഡിയം ലെവൽ കമ്പനികളും അവരുടെ ഇന്റീരിയർ മോടിപിടിക്കുന്നതിന് ഈ രീതി സ്വീകരിക്കാറുണ്ട് . ഹൈടെക്ക് രീതിയിൽ വ്യവസായികമായും വീട്ടിലെ ആവശ്യത്തിനും കൃഷിചെയ്യുന്നതിന് വിവിധ രീതികൾ ഇവിടെ രൂപകൽപ്പന ചെയ്തിട്ടുണ്ട് . പോളീഹൗസ് രൂപകൽപ്പന , അനുയോജിച്ച വിളകൾ , വിള പരിപാലന രീതികൾ, എന്നിവയെക്കുറിച്ച് പരിശീലനം നൽകിവരുന്നു . അക്വാപോണിക്സ് , ഹൈഡ്രോപോണിക്സ് ,പോളീകിച്ചൺഗാർഡൻ തുടങ്ങിയവ







# മഴയെന്ന രക്ഷക

ഭൂമിയുടെ പ്രതലത്തിലേക്ക് എത്തുന്ന ജലത്തിന്റെ പ്രധാനഭാഗവും മഴയിൽ നിന്നു കിട്ടുന്നതാണ്. ചൂടുകൊണ്ട് ജലം ബാഷ്പീകരിച്ച്  നീരാവിയായി മഴമേഘങ്ങൾ രൂപംകൊള്ളുന്നു.




ഇവകാറ്റിന്റെ ഗതിക്കനുസരിച്ച് സഞ്ചരിച്ച് പിന്നീട് ഘനീഭവിച്ച് മഴയായി ഭൂമിയിലേക്കെത്തുന്നു.



# മറയൂർ ശർക്കര



ഇടുക്കി ജില്ലയിലെ മറയൂർ ,കാന്തല്ലൂർ പ്രദേശങ്ങളിൽ വിളയുന്ന കരിമ്പിൽ നിന്നുണ്ടാകുന്ന ശർക്കര . ഉപ്പു രസമില്ലാത്ത നല്ല മധുരം . ഉണ്ടരൂപത്തിൽ ലഭ്യം. ഉണ്ടകളിൽ കൈവിരൽ പാടുകൾ തെളിഞ്ഞു കാണാം . ഇരുണ്ട തവിട്ടു നിറം. മാലിന്യങ്ങളും രാസവസ്തുക്കളും വളരെ ക്കുറവ് . ഇരുമ്പിന്റെ അംശം കൂടുതൽ .



## ഒറ്റക്കണ്ണൻ തുരംഗം

നന്ദുവിന്റെ മുത്തശ്ശി അവന് ഒരു കഥ പറഞ്ഞ് കൊടുത്തു ഒരു ഒറ്റക്കണ്ണൻ ഭൂതത്തിന്റെ കഥ. ഭീകരനായ ഈ ഭൂതത്താൻ തീവണ്ടി പോലും വിഴുങ്ങും. കേൾക്കുമ്പോൾ പേടി തോന്നുന്നുണ്ടോ ? ഏതാണ് ഈ ഭീകരൻ എന്നല്ലേ ? പറയാം. നന്ദുവിന്റെ നാട്ടിൽ ഒരു തുരംഗം ഉണ്ട് . തീവണ്ടി കടന്ന് പോകുന്ന തുരംഗം. നാട്ടുകാർക്കെല്ലാം ഒരു അദ്ഭുത കാഴ്ചയാണിത്. നന്ദുവിനും അങ്ങനെ തന്നെ. ആ തുരംഗത്തിലൂടെ ഒരു സമയത്ത് ഒരു തീവണ്ടിക്കു മാത്രമേ കടന്നുപോകാനാകൂ. നന്ദുവിന്റെ മുത്തശ്ശി അവനോട് പറഞ്ഞിട്ടുണ്ട് ആ ഭീകരനായ ഭൂതത്താന്റെ അടുത്തെങ്ങും പോകരുതെന്ന്. തീവണ്ടി വിഴുങ്ങുന്ന ആ ഭൂതത്താൻ നന്ദുവിനെ വിഴുങ്ങാൻ മടിക്കില്ലല്ലോ! അത്കൊണ്ട് അവനെ അങ്ങോട്ട് വിടുകയില്ല. അവൻ പോകുകയുമില്ല. എങ്കിലും അകലെ നിന്ന് ആ കാഴ്ച കാണാൻ അവന് ഇഷ്ടമാണ്. എന്നും തുരംഗത്തിലൂടെ രണ്ട് തീവണ്ടികൾ കടന്നുപോകാറുണ്ട്. ഒന്ന് ഏഴു മണിക്കും മറ്റൊന്ന് ഏഴെകാലിനും. ഏഴു മണിക്കുള്ള തീവണ്ടി തെക്കു നിന്ന്

വടക്കോട്ടും ഏഴെകാലിനുള്ളത് വടക്കുനിന്നു തെക്കോട്ടുമാണ് പോവുന്നത്.

ഒരു തീവണ്ടി പുറപ്പെടുന്ന സമയത്തിലെന്തോ പിശക് പറ്റി. ഏഴു മണിക്കു തുരംഗം കടക്കാനെത്തുന്ന തീവണ്ടി പതിനഞ്ച് മിനിട്ട് താമസിച്ചാണ് എത്തിയത് അതായത് കൃത്യം ഏഴെകാലിനു തന്നെ എന്തുചെയ്യും? പക്ഷെ കണ്ടുനിന്ന നന്ദുവിന്റെ മുഖത്തോ സിഗനൽ കാണിക്കുന്ന ആളിന്റെ മുഖത്തോ യാതൊരു ഭാവ വ്യത്യാസവും കണ്ടില്ല. രണ്ടു തീവണ്ടിയും ഒരു അപകടം കൂടാതെ കടന്ന് പോവുകയും ചെയ്തു. ഹെ! ആശ്വാസമായി അല്ലേ. പക്ഷേ എങ്ങനെയാണിത് സംഭവിച്ചത്. ഒരേ സമയത്ത് ഒരു തീവണ്ടിക്കു മാത്രം കടന്ന്പോവാൻ കഴിയുന്ന ആ തരംഗത്തിലൂടെ എങ്ങനെയാണ് രണ്ട് തീവണ്ടികൾ കടന്ന് പോയത് ?

ഉത്തരം ഒരു തീവണ്ടി രാവിലെ ഏഴു മണിക്കും മറ്റേത് വൈകീട്ട് ഏഴെകാലിനുമാണ്. ഏഴുമണിക്കുള്ള തീവണ്ടി വൈകിയാൽ ഒന്നും വിഷമിക്കാനില്ല. ഒന്ന് കാലത്തും

## മറ്റൊന്ന് വൈകുന്നേരമാണല്ലോ!

# മാലാഖയായ പാവ


ഒരു ഗ്രാമത്തിൽ ഒരു താമസിച്ചിരുന്നു. അവിടെ ഒരു അച്ഛനും അമ്മയും രണ്ട് പെൺ മക്കളുമായിരുന്നു. മൂത്തവളുടെ പേര് ലെയ്സി എന്നും ഇളയമകളുടെ പേര് ഡെയ്സി എന്നുമായിരുന്നു. മൂത്ത മകൾ ലെയ്സിക്ക് സൗന്ദര്യം കൂടുതലാണ് അതുകൊണ്ടു തന്നെ അവളുടെ അമ്മക്ക് മൂത്തവളെയായിരുന്നു ഇഷ്ടം. ഡെയ്സിക്ക് സൗന്ദര്യം കുറവാണ്.  എന്നാലും അവളുടെ മനസ്സ് നിഷ്കളങ്കമായിരുന്നു. അവളുടെ അമ്മ ലെയ്സിയെകൊണ്ട് ഒരു ജോലിയും ചെയ്യാൻ സമ്മതിക്കുകയില്ല. ഡെയ്സിയാണ് എല്ലാ ജോലിയും ചെയ്യുന്നത് . ഒരിക്കൽ അവളുടെ അച്ഛന് സുഖമില്ലായിരുന്നു , അപ്പോൾ അച്ഛനെ നോക്കിയതുമെല്ലാം ഡെയ്സിയായിരുന്നു. അച്ഛന് ഡെയ്സിയോടുള്ള സഹതാപം കൊണ്ട് അച്ഛൻ പറഞ്ഞു. ഞാൻ നിനക്കൊരു പാവയെ തരാം ആ പാവയെ നീ കളയരുത്. അതിനോട് നീ നിന്റെ സങ്കടങ്ങൾ പറയണം എന്നു പറഞ്ഞ് അച്ഛൻ മരണപ്പെട്ടു. അത് ഒരു മാലാഖയായിരുന്നു, അത് അവൾക്ക് അറിയുകയില്ലായിരുന്നു. അവൾ അതിനെ കളയാതെ സൂക്ഷിച്ചുവെച്ച് അതിനോട് അവളുടെ സങ്കടങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. കുറച്ചു കാലത്തിനു ശേഷം അവളുടെ അമ്മ തളർന്നുകിടക്കാൻ തുടങ്ങി. അപ്പോൾ ആ അമ്മയെ നോക്കിയതുമെല്ലാം ഡെയ്സിയാണ്. അപ്പോഴെല്ലാം ലെയ്സി അവളുടെ സൗന്ദര്യം തന്നെ നോക്കികൊണ്ടിരുന്നു. അളുടെ അമ്മക്ക് ഡെയ്സിയോട് സ്നേഹിക്കാൻ തുടങ്ങി. അന്ന് രാത്രി പാവക്കുട്ടിയായ മാലാഖ പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞു, നിങ്ങളെ ഒരു പാഠം പഠിപ്പിക്കാൻ വേണ്ടിയാണ് ഞാൻ നിങ്ങളെ തളർത്തിയത്. നിങ്ങൾ തളർന്നുകിടന്നപ്പോൾ നിങ്ങളെ നോക്കിയത് ഡെയ്സിയായിരുന്നു. നിങ്ങൾ എപ്പോഴും ഒരാളുടെ സൗന്ദര്യത്തിലേക്ക് നോക്കരുത്, അവരുടെ ഹൃദയങ്ങളിലേക്ക് കൂടി നോക്കണം. എന്നു പറഞ്ഞുകൊണ്ട് മാലാഖ അപ്രത്യക്ഷമായി.

ഈ കഥ നമ്മളോട് പറയുന്നത്, "നമ്മൾ ആരുടെയും സൗന്ദര്യത്തിലേക്ക് നോക്കരുത് അവരുടെ ഹൃദയങ്ങളിലേക്ക് നോക്കണം" എന്നതാണ്



# രൂപങ്ങളുടെ ഗണിതം

"എവിടെ ദ്രവ്യമുണ്ടോ..........അവിടെ ജ്യാമിതിയുണ്ട് !"




സംഖ്യാ ബോധത്തോടൊപ്പം തന്നെ പ്രകൃതിയിലെ പലതരം വസ്തുക്കളുടെ കേവലരൂപങ്ങളെക്കുറിച്ചും പ്രാചീന മനുഷ്യധാരണയുണ്ടായിരുന്നു. ഭൂമി എന്ന് അർത്ഥം വരുന്ന "ജ്യാ"എന്ന സംസ്കൃത പദവും ചേർന്നാണ് "ജ്യാമിതി" എന്ന വാക്കുണ്ടായത്. ജ്യാമിതിയാണ് പിന്നീട് ചിത്രകലയായി രൂപാന്തരം പ്രാപിച്ചത്. ഭൂമിയിലെ അളവുകളെ സംബന്ധിക്കുന്ന ശാസ്ത്രമാണ് "ജ്യാമിതി". കൃഷി കെട്ടിടനിർമ്മാണം എന്നീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് ജ്യാമിതി രൂപം കൊണ്ടത്

# ആഗോളതാപനം



ആഗോളതാപനത്തിന്റെ മർധനമൂലം മഴക്കുറവല്ല മറിച്ച് മഴ കൂടുകയാണ് ചെയ്യുക. കാരണം ഉയർന്ന താപം കൂടുതൽ ബാഷ്പീകരണത്തിന് ഹേതു വാകുന്നു. അതിനാൽ പതിവിനു വിപരീതമായി ചിലയിടങ്ങളിൽ മഴ കൂടാനും കുറയാനുമെല്ലാം സാധ്യതയുണ്ട്. മഴയുടെ തീവ്രതയിൽ മാത്രമല്ല ഋതുഭേതങ്ങളിലും മാറ്റം വരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം ഒരു നഗ്നസത്യമാണ്.

